## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 02-05-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **1322**

## തീരദേശ നഗരങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. വിൻസെന്റ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. കെ. എസ്. ശബരീനാഥൻ | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു |
| ശ്രീ. സണ്ണി ജോസഫ് | : | സംരക്ഷണവും വകുപ്പ് മന്ത്രി) |
| ശ്രീ. അൻവർ സാദത്ത് | : | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തീരദേശ നഗരങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നുണ്ട്. കോവളം (വിഴിഞ്ഞം) - കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് നടത്താനുള്ള യാത്രാകപ്പലിന്റെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | ഏതൊക്കെ മേഖലകളെ ബന്ധിപ്പിച്ചാണ് സർവ്വീസ് നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | കോഴിക്കോട് (ബേപ്പൂർ), വിഴിഞ്ഞം (കോവളം), കൊല്ലം, കൊച്ചി തുറമുഖങ്ങളെ യാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) | ഗതാഗത സൗകര്യത്തിനായി തുറമുഖങ്ങളുടെ റെയിൽ-റോഡ് കണക്റ്റിവിറ്റി വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) | ചെറുകിട തുറമുഖങ്ങളിലെ ഗതാഗത സൗകര്യത്തിനായി കൊല്ലം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേയ്ക്ക് റയിൽ കണക്റ്റിവിറ്റി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള സാധ്യതാപഠനം നടത്താൻ റയിൽ വികാസ് നിഗം ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലം തുറമുഖത്തെ റോഡ് കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട് കൊച്ചുപിലാമൂട് മുതൽ കൊല്ലം തുറമുഖംവരെയുള്ള റോഡിന്റെ നിർമ്മാണം 90% പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡ് വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ